Page 1 of 2

പൂർത്തിയാക്കി സാങ്കേതിക പ്രശ്നത്താൽ ടെർമിനേറ്റ് ചെയ്തു. മറ്റ് രണ്ട് പ്രവൃത്തികൾ (ഒന്ന് റ്റി.കെ. കനാലിലും മറ്റൊന്ന് പി.സി. കനാലിലും) പൂർത്തീകരണത്തോടടുക്കുന്നു. ബി.കെ. കനാലിൽ രണ്ട് പ്രവൃത്തികൾ പുരോഗതിയിലുമാണ്.

(ബി) ഈ പദ്ധതികൾക്കായി 3031 ലക്ഷം രൂപ വകയിരുത്തുകയും 430 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 268 ലക്ഷം രൂപയുടെ പെന്റിംഗ് ബില്ലുകളും സമർപ്പിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ കനോലി കനാലിന്റെ 1320 മീറ്റർ നീളം പുരോഗമന പ്രവൃത്തികൾ പൂർത്തിയായി.

(ഡി) ശേഷിക്കുന്ന ഭാഗങ്ങളുടെ വീതികൂട്ടി പാർശ്വഭിത്തികൾ സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

## സംസ്ഥാനത്തെ ദേശീയ ജലപാത വികസനം

**240 (905)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ജലപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നദികളിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നവ ഏതെല്ലാമാണ്;

(ബി) സംസ്ഥാനത്ത് ദേശീയ ജലപാത കടന്നുപോകുന്ന എല്ലാ നദികളും കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ ;

(സി) ജലപാതയിൽ കൂടി ചരക്ക് നീക്കം ഉൾപ്പെടെയുള്ളവയ്ക്കായി സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള കേന്ദ്ര സഹായത്തിന് സംസ്ഥാനം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ഡി) സംസ്ഥാനത്തെ ദേശീയ ജലപാതയുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതികൾ എന്തൊക്കെയാണ് ; ഇതിനായി എന്ത് ചെലവ് പ്രതീക്ഷിക്കുന്നു ; കേന്ദ്ര സർക്കാരിൽനിന്നും പ്രതീക്ഷിക്കുന്ന സഹായം എത്രയാണ് ?

### ഉത്തരം

(എ) ദേശീയ ജലപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 10 നദികളെ ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശമാണ് നാഷണൽ വാട്ടർവേ ബിൽ 2015-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കല്ലടയാർ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ, ഭാരതപ്പുഴ, കോരപ്പുഴ, കടലുണ്ടിപ്പുഴ, ചാലിയാർപ്പുഴ, വളപട്ടണം പുഴ എന്നിവയാണ് നാഷണൽ വാട്ടർവേ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 നദികൾ, മറ്റു നദികളെപ്പറ്റി ബില്ലിൽ പരാമർശമില്ല.

(ബി) സംസ്ഥാനത്ത് ദേശീയ ജലപാത കടന്നുപോകുന്ന എല്ലാ നദികളും കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടില്ല. പ്രഖ്യാപിച്ച 10 നദികളിൽ പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ, കല്ലടയാർ എന്നിവയാണ് നിലവിലുള്ള ദേശീയ ജലപാതയിലൂടെ കടന്നുപോകുന്നത്.

(സി) ജലപാതയിൽ കൂടി ചരക്ക് നീക്കം ഉൾപ്പെടെയുള്ളവയ്ക്കായി സൗകര്യങ്ങൾ ഒരുക്കുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് ഇതുവരെ പ്രൊപ്പോസലുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്തെ ദേശീയ ജലപാതയായ കൊല്ലം-കോട്ടപ്പുറം ജലപാതയുടെ വികസന പ്രവർത്തനങ്ങൾക്ക് പൂർണ്ണമേൽനോട്ടം വഹിക്കുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ IWAI (Inland Waterways Authority of India) ആണ്. ഈ പദ്ധതിയുടെ നിർമ്മാണ ചെലവ് പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്.

## നോക്കുകൂലി

241 (906) <u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോക്കുകൂലി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ജില്ലകളിൽ നോക്കുകൂലി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly